ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അച്ചടിച്ചു തീരുമ്പോൾ രാത്രിയായിരിക്കുമെന്നുള്ളതുകൊണ്ടു അതു വിഷമമാണു്.

ശ്രീ. കെ. അയ്യപ്പൻ : പ്രസിദ്ധം ചെയ്യുന്ന ദിവസംതന്നെ അഞ്ചലിൽ അയച്ചുകൊടുക്കത്തക്ക സൌകര്യത്തിൽ അച്ചടി പൂർത്തിയാക്കിക്കൂടെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനു തക്കവണ്ണം അച്ചടി നേരത്തെ തീരുകയാണെങ്കിൽ ചൊവ്വാഴ്ചതന്നെ അയക്കുന്നതാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ശസറ കൂത്തികെട്ടാതെ പ്രത്യേകം പ്രത്യേകം ഷീറ്റുകളായി അയക്കുന്നുഎന്നു് പരാതികൾ ഉണ്ടായിട്ടില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ പരാതി ഉണ്ടായിട്ടില്ല. നേരെമറിച്ചു് എല്ലാംകൂടി കൂത്തികെട്ടി ഒരു വലിയ പുസ്തകമായി അയക്കണം, ഓഫീസർ ട്ടുമെൻറൽ ഷീറ്റും പ്രത്യേകം പ്രത്യേകമായി അയക്കേണ്ടതാണു് എന്നു് പരാതികിട്ടിയിട്ടുണ്ടു്.

ശ്രീ. ടി ടി. കേശവൻശാസ്ത്രി : കൂത്തികെട്ടി അയക്കുന്നതാണു് സൌകര്യമെന്നറിയാമോ?

ബഹു. ശ്രീ. ടി: കെ. നാരായണപിള്ള . അതറിയാവുന്നതുകൊണ്ടാണു് ഇപ്പോൾ അങ്ങിനെ അയച്ചുകൊടുക്കുന്നതു്.

സസ്പെൻഷനിലായ ഉദ്യോഗസ്ഥന്മാർ

*൨൪൨൨ (൯൭) ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) ആരോപണങ്ങൾക്കു വിധേയരായ ഫസ ഉദ്യോഗസ്ഥന്മാരെ കോടതി മുഖാന്തിരം അവരുടെ നിരപരാധിത്വം തെളിയിക്കുന്നതുവരെ സസ്പെൻഷനിൽ നിർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണു്?

ബഹു. ശ്രീ. ടി കെ. നാരായണപിള്ള: (എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

കരിഞ്ചന്തയെപ്പറ്റി പത്രവാർത്ത

* ൨൪൨൯ (൯൮) ശ്രീ. കെ.കെ. വിശ്വനാഥൻ : താഴെ പറയുന്നചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഒരു പലചരക്കു വ്യാപാരിയോടു ഫാക. വാങ്ങി, ൧൦ രാത്തൽ പഞ്ചസാരയുടെ ഒരു ചീറ്റ കൊടുത്തുവെന്ന വാർത്ത പത്രങ്ങളിൽ കാണുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെൻറ അതേപ്പറ്റി അന്വേഷിച്ചോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങിനെ ചില പത്രങ്ങളിൽ കണ്ടിട്ടുണ്ടു്;

(ബി) ഗവൺമെൻറ അന്വേഷിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : അങ്ങിനെ ചെയ്തതു് ആരാണെന്നു പറയാൻ സാധിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അന്വേഷണത്തിൻറെ ഫലമായി അതാരാണെന്നു ഇതുവരെ വെളിവായിട്ടില്ല.

സ്റ്റേറുകാറുകളും പൂമംഗലം തെരഞ്ഞെടുപ്പും

* ൨൪൨൮ (൯൯) ശ്രീ. ഇട്ടീര അയ്യൂക്കൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പൂമംഗലം ഉപതെരഞ്ഞെടുപ്പിൽ സ്റ്റേറുകാറുകൾ ഉപയോഗിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണു് പ്രസ്തുത കാറുകൾ ഉപയോഗിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly